(എഫ് ആന്റ് ജി) റിപ്പോർട്ട് വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തമായ ഒരു തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ട്

75 [1485] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ പരിഷ്കരണത്തിനുവേണ്ടി നിയോഗിച്ച അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കാമോ;

(ബി) അനന്തമൂർത്തി കമ്മീഷന്റെ പ്രധാന ചുമതലകൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. അതിനുശേഷമേ കോപ്പി ലഭ്യമാവുകയുള്ളൂ.

(ബി) വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക, വിദ്യാഭ്യാസ മംഗത്തെ പ്രശ്നങ്ങൾ വിശകലനം ചെയ്ത് പഠിച്ച് അവയ്ക്ക് ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, അദ്ധ്യാപന മംഗത്തെ അപാകതകൾ എന്തെല്ലാമാണെന്ന് വിലയിരുത്തി അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക തുടങ്ങിയവയായിരുന്നു അനന്തമൂർത്തി കമ്മീഷന്റെ പ്രധാന ചുമതലകൾ.

സംസ്ഥാനത്തെ സ്കൂൾ അദ്ധ്യാപകർക്ക് നൽകുന്ന പരിശീലനം

76 [1486] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ അദ്ധ്യാപകർക്ക് ഇപ്പോൾ എന്തെല്ലാം പരിശീലനങ്ങൾ നൽകുന്നു എന്ന് വിശദമാക്കുമോ;

(ബി) ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ തലത്തിലെ അദ്ധ്യാപകർക്ക് വർഷത്തിൽ എത്ര കാലദൈർഘ്യമുള്ള പരിശീലനങ്ങളാണ് ഇപ്പോൾ നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള പരിശീലനങ്ങളുടെ സ്വഭാവവും ഉദ്ദേശ ലക്ഷ്യങ്ങളും സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പരിശീലകരായ അദ്ധ്യാപകർക്കുള്ള പ്രത്യേക യോഗ്യതകളും അവർക്ക് അതിനുവേണ്ടി ലഭിച്ചിട്ടുള്ള പരിശീലനങ്ങളും സംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ഇ) അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിന് നിയോഗിക്കുന്ന അദ്ധ്യാപകർക്ക് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയും കുറഞ്ഞ സർവ്വീസ് ദൈർഘ്യവും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇത്തരം അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത, സർവ്വീസ് എന്നിവ സംബന്ധിച്ച് വ്യക്തമായി മാനദണ്ഡങ്ങൾ ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ജി) അദ്ധ്യാപകരുടെ പരിശീലനത്തിനായി വർഷത്തിൽ ശരാശരി എത്ര തുക ചെലവാകുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഹൈസ്ക്കൂൾ അദ്ധ്യാപകർക്ക് 5 ദിവസം നീണ്ടുനിൽക്കുന്ന വിഷയാധിഷ്ഠിത പരിശീലനം നൽകിവരുന്നു. കൂടാതെ പ്രവർത്തി പരിചയം, കലാ പഠനം, ആരോഗ്യ-കായിക-വിദ്യാഭ്യാസ മേഖല തുടങ്ങിയവയിൽ അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയുള്ള റിസോഴ്സ് ഗ്രൂപ്പ് പരിശീലനം, ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെടുത്തി ഐ. ടി. പരിശീലനം എന്നിവയും നൽകുന്നുണ്ട്. സർവ്വശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം സംസ്ഥാനത്തെ ലോവർ പ്രൈമറി, അപ്പർ പ്രൈമറി അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനും നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ബി) ഒന്നു മുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് 10 ദിവസത്തെ പ്രതിമാസ ഏകദിന ക്ലസ്റ്റർ പരിശീലനമടക്കം 20 ദിവസത്തെ പരിശീലനം നൽകുന്നു. 9, 10 ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് 8 ദിവസത്തെ പരിശീലനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ 5 ദിവസത്തെ പരിശീലന പരിപാടികളാണ് ഇപ്പോൾ നടന്നുവരുന്നത്.

(സി) ഇപ്പോൾ നൽകിവരുന്ന പരിശീലന പരിപാടികൾ ഊന്നൽ നൽകുന്നത് ചുവടെ കൊടുത്തിരിക്കുന്നവയിലാണ്:

1. പുതിയ പാഠ്യപദ്ധതി—ലക്ഷ്യങ്ങളും സമീപനവും.
2. മാറിവരുന്ന പഠന-ബോധന തന്ത്രങ്ങൾ.
3. നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയ രീതി.
4. സഹവൈജ്ഞാനിക മേഖലയിലെ മികവുകൾ, സാധ്യതകൾ, വിലയിരുത്തൽ.
5. വ്യക്തിത്വ വികാസം

(ഡി) പരിശീലകരായ അദ്ധ്യാപകർക്ക് ബന്ധപ്പെട്ട വിഷയത്തിൽ മെച്ചപ്പെട്ട അക്കാദമിക് റിക്കാർഡും മുൻപരിചയവും ഉണ്ടായിരിക്കണം. ഇത്തരത്തിൽ റിസോഴ്സ് സെന്ററുകളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് എസ്. സി. ഇ. ആർ. ടി.-യുടെ ആഭിമുഖ്യത്തിൽ ട്രെയിനർ പരിശീലനം നൽകുന്നതാണ്. കുറഞ്ഞത് 5 ദിവസത്തെ റസിഡൻഷ്യൽ പരിശീലനമാണ് നൽകുന്നത്. കൂടാതെ തുടർപരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇല്ല. കുറഞ്ഞത് 5 വർഷത്തെ പരിചയമുള്ള അദ്ധ്യാപകരെയാണ് ട്രെയിനർമാരായി നിയോഗിച്ചിട്ടുള്ളത്.

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) 2004-2005 സാമ്പത്തിക വർഷത്തിൽ ഒരദ്ധ്യാപകന് ഒരു ദിവസം 70 രൂപ നിരക്കിൽ 20 ദിവസത്തെ പരിശീലനത്തിനുള്ള തുകയായ 1685.79 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2003-2004-ൽ 44.59 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

ഡയറ്റ് പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

77 [1487] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറ്റിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഡയറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡയറ്റിൽനിന്നും അദ്ധ്യാപകർ വ്യാപകമായി ഒഴിഞ്ഞുപോകുന്നുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഈ സ്ഥാപനത്തെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രൈമറി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് 1998 മുതൽ സംസ്ഥാനത്ത് ഡയറ്റുകൾ പ്രവർത്തിച്ചു തുടങ്ങിയത്. പുതിയ വിദ്യാഭ്യാസ പാഠ്യപദ്ധതി തയ്യാറാക്കുന്നതും അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതും ഡയറ്റുകളാണ്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ഡയറ്റുകളുടെ പ്രവർത്തന മേഖല വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ പാഠപുസ്തക അച്ചടി സ്വകാര്യ പ്രസ്സുകളെ ഏൽപ്പിക്കുവാൻ സ്വീകരിച്ച ടെണ്ടർ

78 [1488] ശ്രീ. ടി. പി. രാമകൃഷ്ണൻ:

" കെ. കെ. ജയചന്ദ്രൻ:

" എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാഠപുസ്തക അച്ചടി സ്വകാര്യ പ്രസ്സുകളെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം സ്വകാര്യ പ്രസ്സുകളാണ് അച്ചടിക്ക് ടെണ്ടർ നൽകിയതെന്നും അവ ഓരോന്നും രേഖപ്പെടുത്തിയ ടെണ്ടർ നിരക്ക് എത്രയെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly